# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2826 | 13.03.2020-ലെ മറുപടിയ്ക്ക് |
|---|---|

**റാന്നി പുതിയ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം**

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | ഉത്തരം<br>ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | നിർമ്മാണത്തിലിരിക്കുന്ന റാന്നി പുതിയ പാലത്തിന്റെ അപ്രോച്ച് റോഡിനായി വസ്തു ഏറ്റെടുക്കാനുള്ള നടപടികൾ ഏത് ഘട്ടം വരെയായി; റാന്നി, അങ്ങാടി വില്ലേജുകളിലെ എത്ര വസ്തു ഉടമകളുടെ സ്ഥലമാണ് ഏറ്റെടുക്കേണ്ടി വരിക; ഓരോ വില്ലേജിലും ആകെ എത്ര വസ്തു ഏറ്റെടുക്കണമെന്ന് വിശദമാക്കാമോ; | (എ) | റാന്നി പാലത്തിന്റെ അപ്രോച്ച് റോഡിനായി അങ്ങാടി വില്ലേജിൽ നിന്നും 9.8 ആർ ഭൂമിയും റാന്നി വില്ലേജിൽ നിന്നും 57.00 ആർ ഭൂമിയും എൽ.എ . ആർ . ആർ ആക്ട്, 2013 പ്രകാരം ഏറ്റെടുക്കുന്നതിനുള്ള അനുമതി 31/10/2019 ലെ സ.ഉ (സാധാ) നം 3120/2019/റവ പ്രകാരം ലഭ്യമായിട്ടുള്ളതും, സാമൂഹ്യാഘാത പഠന യൂണിറ്റിനെ തിരഞ്ഞെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |
| (ബി) | വസ്തു ഏറ്റെടുത്ത് നൽകുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ എന്തൊക്കെ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചു; | (ബി) | വസ്തു ഏറ്റെടുക്കുന്നതിന് നിലവിൽ യാതൊരു തടസ്സവും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | വസ്തു ഏറ്റെടുക്കുന്നതിനായി എന്തൊക്കെ നടപടിയാണ് റവന്യൂ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; ഇനി എന്തൊക്കെ നടപടികളാണ് പൂർത്തിയാക്കാനുള്ളത്; | (സി) | ആർ. എഫ്. സി. റ്റി.എൽ.എ.ആർ. ആർ ആക്ട്, 2013 പ്രകാരം സാമൂഹ്യാഘാത പഠന യൂണിറ്റിനെ തിരഞ്ഞെടുക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. സാമൂഹ്യാഘാത പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറക്ക് സമുചിത സർക്കാർ തീരുമാനം കൈകൊണ്ട് എൽ.എ.ആർ.ആർ ആക്ട്, 2013-ലെ നിബന്ധനകൾക്ക് വിധേയമായി സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. |
| (ഡി) | നടപടികൾ പൂർത്തിയാക്കി എന്നത്തേയ്ക്ക് വസ്തു ഏറ്റെടുക്കൽ പൂർത്തിയാക്കാനാകുമെന്ന് വിശദമാക്കാമോ? | (ഡി) | 2021 ജൂൺ മാസത്തിനകം ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ